## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 357** **02.12.2014-ൽ മറുപടിയ്ക്ക്**

## ഇടമൺ - കൊച്ചി ലൈൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാപോറ്റി :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. എ. എം. ആരിഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ഇടമൺ - കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് പ്രതിസന്ധി ഘട്ടങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേക്ക് വൈദ്യുതി എത്തിക്കാനുള്ള സാഹചര്യം ഇല്ലാതാക്കിയെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സമയബന്ധിതമായി ലൈൻ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത് അധികാരികളുടെ അലസത മൂലമാണെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പരാതി അടിസ്ഥാനരഹിതമാണ്. ഇടമൺ-കൊച്ചി സെക്ഷനിലെ ലൈൻ നിർമ്മാണം റൈറ്റ് ഓഫ് വേ പ്രശ്നങ്ങളും, ഭൂവുടമകളുടെ എതിർപ്പും മൂലം തടസ്സപ്പെട്ടതിനെ തുടർന്ന് ആയവ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളുകയും തത്ഫലമായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം അംഗീകരിച്ചുകൊണ്ടുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ് 19-08-2014-ലെ (എം. എസ്) 27/14/ഊ.വ നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കുകയും ചെയതിട്ടുണ്ട്. |
| (സി) | ഇടമൺ - കൊച്ചി ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സമെന്താണെന്നും അവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) | പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടും പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. ബന്ധപ്പെട്ട ജന പ്രതിനിധികളുടെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 04-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**